For Private Circulation Only July 2020

# ആഗമനദൂതൻ

HOLY BIBLE

Vol.67 No.7

" കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉണവാക്കുന്നു" (റോമ. 5:3)

## കഷ്ടതയിൽ പരിശുദ്ധാത്മാവിലൂടെ വിജയം

By Samuel L. Brengle ( 1860 - 1936)

മനുഷ്യരിൽ നിന്നും ജനിച്ചവനെല്ലാം കഷ്ടതയുടെ വഴിയിലൂടെ കടന്നുപോകുന്നു. വിജയകരമായ വിശ്വാസം ഉള്ളവൻ പ്രകാശമുള്ള മുഖത്തോടും, ഉറപ്പുള്ള ഹൃദയത്തോടും അതിനെ സന്തോഷമുള്ളതാക്കിത്തീർക്കുന്നു. കഷ്ടത അപ്പോസ്തലരുടെ ജീവിതത്തിൽ വന്നപ്പോൾ, അവർ അടിക്കപ്പെടുകയും ഭീഷണി നേരിടുകയും ചെയ്തപ്പോൾ തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ട് ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിന്നും പുറപ്പെട്ടുപോയി (അപ്പൊ. 5:41).

മറ്റു ചിലർ സംശയവും ഭീതിയുമുള്ളവരായി, പിറുപിറുപ്പും പരാതിയുള്ളവരായി, മത്സരഹൃദയവും തർക്കവുമുള്ളവരായി പരിതാപകരമായിത്തീർന്നു. ഒരുവൻ ശത്രുവിന്റെ സൈന്യങ്ങളെ കണ്ടിട്ട് നിരാശയും പരിഭ്രമവുമുള്ളവരായിത്തീരുന്നു, മറ്റൊരുത്തൻ കർത്താവിന്റെ ദൂതനെ കണ്ടിട്ട് ധൈര്യവും സുരക്ഷിതത്വബോധമുള്ളവനായി കാണപ്പെടുന്നു (സങ്കീ. 34:7).

എനിക്ക് പരിചയമുള്ള ഒരു സുവിശേഷകൻ ഉദാഹരണമായി ഒരു കഥ പറഞ്ഞു. വലിയ പ്രയാസങ്ങളിലായിരുന്ന രണ്ട് സഹോദരിമാരെ സന്ദർശിക്കുവാൻ ഒരു രാവിലെ സമയം പോയി. രണ്ടുപേരും ഏകദേശം ഒരേ പ്രായക്കാരായിരുന്നു, ദീർഘവർഷങ്ങളായി വിശ്വാസികളും സഭയിലെ അംഗങ്ങളുമായിരുന്നു. ഒരാളോട് പാസ്റ്റർ ചോദിച്ചു രാവിലെ സുഖമായിരിക്കുന്നുവോ?

ഞാൻ രാത്രിയിൽ തീരെ ഉറങ്ങിയില്ല അവർ മറുപടി പറഞ്ഞു. വലിയ ശരീര വേദനയായിരുന്നു, അതുകൊണ്ട് ഇവിടെ കിടക്കുവാൻ പ്രയാസമായിരുന്നു. എന്തുകൊണ്ടോ ദൈവം എന്നോട് ഇടപെടുന്നത് ഞാൻ കണ്ടില്ല. അവർ പരിശുദ്ധാത്മാവിന്റെ നിറവുള്ളവരായിരുന്നില്ല. അവരുടെ കഷ്ടതയും പ്രയാസങ്ങളും സംബന്ധിച്ച് ദൈവത്തോട് പരാതിയുള്ളവരും ആയിരുന്നു.

അദ്ദേഹം മറ്റേ സഹോദരിയെ വിളിച്ചു ചോദിച്ചു. നിങ്ങൾ ഇന്ന് സുഖമായിരിക്കുന്നുവോ? ചില പ്രയാസങ്ങളുണ്ടായിരുന്നു. അവൾ മറുപടി പറഞ്ഞു. എന്നിട്ട് അവളുടെ ക്ഷീണിച്ച മുഖത്തു ഒരു പ്രകാശമുണ്ടായി, അവൾ പറഞ്ഞു, എന്നാൽ യേശു എന്റെ സമീപമുണ്ടായിരുന്നു, അവിടുന്ന് എന്നെ സഹായിച്ചു; ഞാൻ വളരെ പ്രയാസപ്പെടുമായിരുന്നു. എന്റെ പിതാവ് എനിക്കുവേണ്ടി ഉണ്ടെങ്കിൽ ഞാൻ എന്തിന് ഭയപ്പെടണം?

അവൾ സന്തോഷത്തോടെ കാണപ്പെട്ടു. അവളുടെ സന്തോഷവും ധൈര്യ വും ആ രോഗമുള്ള മുറിയെ ഒരു അലങ്കാര മുറിയാക്കത്തീർത്തു. സന്തോഷത്തിന് ഒരു കുറവും അവളിൽ ഇല്ലായിരുന്നു. അവളുടെ ആശ്വാസപ്രദൻ പരിശുദ്ധാത്മാവായിരുന്നു. അവൻ പരിശുദ്ധാത്മാവിനെ ക്ഷണിച്ചിരുന്നു. പരിശുദ്ധാത്മാവ് അവളിൽ ഉണ്ടായിരുന്നു. ഒരാൾ സന്തോഷവതിയായിരുന്നു, മറ്റവൾക്ക് അതില്ലായിരുന്നു.

### പരിശുദ്ധാത്മാവിൽ ബലപ്പെട്ടു.

അപ്പോസ്തലനായ പൗലൊസിനെക്കാളും ഉപരിയായി ആരും കഷ്ടത സഹിക്കുവാൻ സാദ്ധ്യതയില്ല. എന്നാൽ ഒരു പടയാളിയെപ്പോലെ വലിയ ഭാരങ്ങൾ സഹിക്കുന്നവനായിരുന്നു, ഏല്പിക്കപ്പെട്ട വേല വിശ്വസ്തതയോടെ ചെയ്തു തീർത്തു, പരീക്ഷകൾ സന്തോഷത്തോടെ സഹിച്ചു, നിരാശകളും കയ്പേറിയ ഉപദ്രവങ്ങളും, നിരാശകളും ഭീഷണികളും, ശത്രുക്കളിൽ നിന്നും നേരിട്ടു. കപ്പൽ ചേതങ്ങൾ, പ്രയാസങ്ങൾ, കൊടുംതണുപ്പ്, കാരാഗൃഹം, വിശപ്പ്, പട്ടിണി എല്ലാം നേരിട്ടു. കരച്ചിലോ, സങ്കടമോ, കരുണയ്ക്കായുള്ള ഒരു അപേക്ഷയോ ഇല്ലാതെ ഉറച്ചു നിന്നു.

നിശ്ചയമായി, അദ്ദേഹം പരാതിയോ പരിഭവമോ ഇല്ലാതെ സഹനശക്തിയോടെ ഇങ്ങനെ പറഞ്ഞു, "കഷ്ടത സഹിഷ്ണതയേയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു " (റോമ. 5:3); " നിങ്ങളോട് എനിക്കുള്ള പ്രാഗൽഭ്യം വലിയത്, നിങ്ങളെക്കുറിച്ചുള്ള എന്റെ പ്രശംസ വലിയത്; ഞാൻ ആശ്വാസം കൊണ്ട് നിറഞ്ഞിരിക്കുന്നു; ഞങ്ങളുടെ സകല കഷ്ടതയിലും സന്തോഷം എനിക്കു കവിഞ്ഞിരിക്കുന്നു " (2കൊരി. 7:4); "അതുകൊണ്ട് ഞാൻ ക്രിസ്തുവിനു വേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു; ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാവുന്നു" (2കൊരി. 12:10).

ഭയാനകമായ അനുഭവങ്ങൾ തന്റെ ജീവിതത്തിൽ വന്നു, ജയിലിലടയ്ക്കപ്പെട്ടു, കാലുകൾ ആമത്തിലിട്ട് പൂട്ടി, അടുത്ത ദിവസം വരാൻ പോകുന്ന മരണത്തെ നോക്കി കിടന്നു. എന്നിരുന്നാലും പൗലൊസും ശീലാസും കൂടെയുള്ളവരും അന്നു രാത്രിയിലും ദൈവത്തെ പാടി സ്തുതിച്ചു (അ. പ്ര. 16:25).

എന്താണ് അതിന്റെ രഹസ്യം? അദ്ദേഹത്തെ ശ്രദ്ധിക്കുക: ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ

(ശേഷം 4-ാംപേജിൽ)

# പരിശുദ്ധാത്മസാന്നിദ്ധ്യത്തിന്റെ അടയാളങ്ങൾ

By. J.C. Ryle (1816 - 1900).

"ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല" (റോ. 8:9)

പുറമേയുള്ള തെളിവുകൾ ഒന്നും ഇല്ലാതിരിക്കുമ്പോൾ തന്നെ ആളുകളിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കും. ദൈവവചനത്തിന്റെ സത്യങ്ങളിൽ അല്പം പോലും വിട്ടു വീഴ്ചയുണ്ടാകാൻ പാടില്ല. "അവനോടു കൂട്ടായ്മയുണ്ട് എന്നു പറയുകയും ഇരുട്ടിൽ നടക്കുകയും ചെയ്യുന്നവൻ ഭോഷ്ക് പറയുന്നു, സത്യം പ്രവർത്തിക്കുന്നതുമില്ല" (1യോഹ. 1:6). ദൈവത്തിന്റെ മക്കൾ ആരെന്നും, പിശാചിന്റെ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു, "നീതി പ്രവർത്തിക്കാത്തവൻ ആരും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ നിന്നുള്ളവൻ അല്ല" (1യോഹ. 3:10).

രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് അഭിമാനിക്കുന്ന ചിലർ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടവരാണ് എന്ന് പറയുമ്പോൾ തന്നെ അവർ പാപങ്ങളിൽ ജീവിക്കുന്നവരും ദൈവിക പ്രമാണങ്ങളെ പരസ്യമായി അവഗണിക്കുന്നവരും ആണ്. ക്രിസ്തുവിലുള്ള യഥാർത്ഥ വിശ്വാസി പാപങ്ങൾക്ക് മരിച്ചവരാണ്. ഓരോ യഥാർത്ഥ വിശ്വാസികയും ക്രിസ്തുവിൽ പ്രത്യാശയുള്ളവരാണ്. "അവനിൽ ഈ പ്രത്യാശയുള്ളവനെല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു" (1യോഹ. 3:3).

എന്റെ വായനക്കാരെ ഞാൻ പ്രബോധിപ്പിച്ച് ഓർമ്മിപ്പിക്കുന്നത് ആത്മാവ് ചെയ്യുന്ന പ്രവർത്തികൾ ആത്മാവിന്റെ സാന്നിദ്ധ്യത്തിന്റെ തെളിവുകളാണ്. പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുന്നതിനെക്കുറിച്ച് സംസാരിക്കുമ്പോൾ, അതിനെ നാം കാണുന്നില്ലെങ്കിലും അത് നമ്മിൽ പ്രർത്തിക്കുന്നു. സുവിശേഷത്തിന്റെ ആദ്യ തത്വം തന്നെ വേർതിരിക്കൽ ആണ്. ഇരുളും വെളിച്ചവും തമ്മിൽ വേർതിരിക്കുന്നു പ്രാകൃതവും കൃപയും വേർതിരിക്കുന്നു. ദൈവമക്കളെയും പിശാചിന്റെ മക്കളെയും തമ്മിൽ വേർതിരിക്കുന്നു.

ഒരേയൊരു സുരക്ഷിത സ്ഥാനമേയുള്ളൂ. ചോദ്യങ്ങൾക്ക് സുരക്ഷിതമായ ഒരു മറുപടിയേയുള്ളൂ ആർക്കാണ് ആത്മാവുള്ളത്? കർത്താവ് തന്ന തത്വങ്ങളിലേക്ക് നാം തിരിഞ്ഞ് നോക്കുമ്പോൾ, "ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും" (മത്താ. 7:20). എവിടെ ആത്മാവുണ്ടോ അവിടെ ആത്മാവിന്റെ ഫലമുണ്ട്. ആത്മാവിന്റെ ഫലങ്ങൾ ആരിൽ ഇല്ലാതിരിക്കുന്നുവോ അവിടെ ആത്മാവ് ഇല്ല. ദൈവാത്മാവിന്റെ പ്രവൃത്തി വെളിപ്പെടാത്തിടത്തോളം, കാണാതിരിക്കുന്നിടത്തോളം പ്രവർത്തിക്കാതിരിക്കുന്നിടത്തോളം അവിടെ ആത്മാവില്ല. എവിടെ ആത്മാവുണ്ടോ അത് അറിയാൻ കഴിയും, കാണാൻ കഴിയും.

(ശേഷം 5-ാം പേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" അവർ പ്രാതൽ കഴിച്ചശേഷം യേശു ശീമോൻ പത്രോസിനോടു യോഹന്നാന്റെ മകനായ ശീമോനേ നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്ന് ചോദിച്ചു. അതിന് അവൻ ഉവ്വു കർത്താവേ എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു " യോഹ. 21:15)

2020-ാം വർഷത്തിന്റെ ജൂൺ മാസം നമ്മെ വിട്ട് കടന്നുപോയി. ജൂലൈ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നമ്മുടെ ദൈവം വിശ്വസ്തൻ ആണ്. യേശുവിനോടൊപ്പം നാം കൂടുതൽ സമയം ചെലവഴിക്കണം. യേശുവിനെ കൂടുതലായി അറിയുകയും സ്നേഹിക്കുകയും ചെയ്യുക. കൂടുതൽ സമയം നാം കർത്താവിനോടു കൂടെ ചെലവഴിക്കുമ്പോൾ ദൈവത്തിൽ നിന്ന് കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കാൻ കഴിയും.

സ്നേഹത്തിന്റെ ഉറവിടം ദൈവമാണ്. ദൈവം തന്റെ മക്കളെ സ്നേഹിക്കുന്നു. ഒരു മനുഷ്യൻ സകലത്തേക്കാളും സകലരേക്കാളും യേശുവിനെ സ്നേഹിക്കേണ്ടതാണ്. നാം എവിടെ ആയിരുന്നാലും എന്തു ചെയ്യുകയായിരുന്നാലും ദിവസം മുഴുവൻ യേശുവുമായുള്ള സ്നേഹത്തിൽ കഴിയുക. നാം യേശുവിനെ സ്നേഹിക്കുക മാത്രമല്ല സ്നേഹത്തിന്റെ ആഴത്തിലേക്ക് കടന്നു ചെല്ലണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ദൈവം വിശ്വസ്തൻ ആണ്. ദൈവത്തിലുള്ള നിങ്ങളുടെ ആശ്രയം അതായിരിക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

മനുഷ്യന്റെ ബുദ്ധി ശക്തികൊണ്ടോ, അമിത ആത്മീയതകൊണ്ടോ അന്ധകാരശക്തിയെ ശാസിക്കുവാൻ കഴിയുന്നതല്ല. ദൈവത്താൽ അലംകൃതമായ ദൈവത്തിന്റെ തീയാൽ അഭിഷേകം ചെയ്യപ്പെട്ട ഭക്തന്മാരാൽ ഉണർവ്വ് സംഭവിക്കുന്നു. സിംഹ ഹൃദയമുള്ള, പാമ്പിന്റെ ബുദ്ധിയുള്ള പ്രവാചകന്മാർ, ആത്മാഭിഷേകമുള്ള, ആത്മപ്രവർത്തിയുള്ള, ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ആത്മാവിന്റെ ആലോചനയ്ക്ക് വേല ചെയ്യുന്ന ശക്തന്മാരായ ദൈവഭക്തന്മാരെയാണ് നമുക്ക് ആവശ്യം.

സഭ കടം വാങ്ങിയ ഒരു തലസ്ഥാനത്താണ് ജീവിക്കുന്നത്. നമ്മുടെ ധൈര്യം കാത്തു സൂക്ഷിക്കുവാൻ, വെസ്ലിയെയും ഹസ്സിനെയും ഉടമ്പടിക്കാരെയും ഏറ്റു പറച്ചിൽ കാരെയും നമ്മെ കാണിക്കുവാനുണ്ടായിരുന്നു. പ്രിയ സഹോദരന്മാരേ കാര്യങ്ങൾ അങ്ങനെ തന്നെ ആയിരിക്കണമെന്നില്ല.

രക്ഷപ്പെടുവാൻ യാതൊരു സാദ്ധ്യതയുമില്ലാത്ത സ്ഥാനത്ത് നമുക്ക് തുറക്കപ്പെട്ട ഒരു വഴിയുണ്ട്. ഒരേയൊരുവൻ, അതി പരിശ്രമിയായ ഒരുവൻ, ഒരിക്കലും പരാജയപ്പടാത്ത ഒരു വഴി അതത്രേ പ്രാർത്ഥനയുടെ വഴി!

മനസിനെ കെട്ടിക്കളയുന്ന ശക്തിയായി പ്രാർത്ഥനയെ കുറ്റപ്പെടുത്താറുണ്ട്. മാനസിക അവസ്ഥകളുടെ ഒരു കൂട്ടാളിയല്ല പ്രാർത്ഥന. എന്നാൽ ഈ ദിവസങ്ങളിൽ അഥവാ അതു നമുക്ക് അറിയണ്ടേ? കഴിവും ഊർജ്ജസ്വലതയും അതിലെ സമ്മാനങ്ങളാണ്. പ്രാർത്ഥന ഒരു കാര്യത്തിതന്റെ മാത്രം ഭാഗമായിരിക്കുന്നു. അതത്രേ ആത്മീകത!

# പ്രസംഗ പീഠങ്ങളിൽ അഭിഷേകത്തിനായി പ്രാർത്ഥിക്കുക

By Leonard Ravanhill (1907 - 1994)

ഒരുവൻ പ്രസംഗിക്കുവാൻ ആത്മികനായിരിക്കണമെന്നില്ല, അതായത് പ്രസംഗം ശാസ്ത്രപരമായും വ്യാഖ്യാനപരമായും പ്രസംഗിക്കുവാൻ ഒരു ആത്മീകനായിരിക്കണമെന്നില്ല. ഓർമ്മയിൽ നിന്നും അറിവിൽ നിന്നും, അവന്റെ ലക്ഷ്യപ്രകാരവും, വ്യക്തിത്വത്തിൽ നിന്നും, പിന്നെ പുസ്തകശേഖരങ്ങളിൽ നിന്നും സ്വയാർജിത ധൈര്യത്തിൽ നിന്നും പ്രസംഗപീഠത്തെ എവിടെയും ഈ കാലത്ത് കൊഴുപ്പിക്കാൻ കഴിയും.

ഇങ്ങനെയുള്ള പ്രസംഗങ്ങൾ വഴി മനുഷ്യനെ സ്വാധീനിക്കാൻ കഴിയും. പ്രാർത്ഥന ദൈവത്തെ സ്വാധീനിക്കുന്നു. പ്രസംഗം സമയത്തെ സ്വാധീനിക്കുന്നു. പ്രാർത്ഥന നിത്യതയെ സ്വാധീനിക്കുന്നു. പ്രസംഗപീഠത്തെ നമ്മുടെ താലന്തുകളുടെ ഒരു പ്രദർശനമാക്കി മാറ്റാൻ കഴിയും. പ്രാർത്ഥന മരണത്തെ വെളിപ്പെടുത്തി സംസാരിക്കുന്നു.

ഇന്നത്തെ ദുരവസ്ഥ എന്നത്, ധാരാളം ജീവനില്ലാത്ത ആളുകളോട് ജീവനില്ലാത്ത പ്രസംഗം പ്രസംഗിക്കുന്ന ധാരാളം ജീവനില്ലാത്ത പ്രസംഗിമാരെ കൊണ്ട് നമ്മുടെ പ്രസംഗപീഠങ്ങൽ നിറഞ്ഞിരിക്കുന്നു.

**നിങ്ങളുടെ എല്ലാ നേട്ടങ്ങളിലും അഭിഷേകം നേടുക.**

ഏറ്റവും അടിസ്ഥാനപരമായ മേഖലകളിൽ പോലും ഞാൻ ഒരു അപരിചിതമായ കാര്യം കാണുന്നുണ്ട്. അത്, അഭിഷേകം ഇല്ലാതെ പ്രസംഗിക്കുന്നു എന്നതാണ്. അഭിഷേകം ഇല്ലാത്ത പ്രസംഗം ജീവൻ കൊടുക്കേണ്ടതിന് പകരം കൊല്ലുകയാണ് ചെയ്യുന്നത്. പ്രസംഗിയുടെ മേൽ തൈലാഭിഷേകം ഇല്ലെങ്കിൽ വചനം കത്തുകയില്ല.

പ്രസംഗം എന്നത് ഒരു ആത്മിക പ്രവർത്തിയാണ്. ബുദ്ധിയിൽ ഉടലെടുക്കുന്ന പ്രസംഗം ബുദ്ധിയെ തൊടുന്നു. ഹൃദയത്തിൽ ഉടലെടുക്കുന്ന പ്രസംഗം ഹൃദയത്തെ തൊടുന്നു. ഒരു ആത്മിക പ്രസംഗി ദൈവത്താൽ ഒരുക്കപ്പെടുന്ന ഒരു കൂട്ടം ആത്മികരോടുള്ള ബന്ധത്തിലാണ്. പ്രസംഗിയും ആത്മാവിന് പുറത്തേയ്ക്ക് പറക്കുവാൻ ശ്രമിക്കുന്ന കേവലം ഒരു പ്രാവല്ല അഭിഷേകം, പിന്നെയോ ദിവ്യമായ അഭിഷേകം, പിന്തുടർന്ന് ജയിക്കുന്ന ശക്തിയാണ്.

**ദൈവം തന്റെ പടയാളി പ്രസംഗിക്ക് കൊടുക്കുന്ന വീരസേനാനി അംഗീകാരമാണ് അഭിഷേകം.**

(ശേഷം 6-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായുള്ള ക്രിസ്തുവിന്റെ പ്രാർത്ഥനയ്ക്കുള്ള മറുപടി മാത്രമല്ല പരിശുദ്ധാത്മാവ് നൽകുന്നത് പിന്നെയോ നമ്മുടെ മറഞ്ഞിരിക്കുന്ന എല്ലാ ആവശ്യങ്ങൾക്കും മറുപടി പരിശുദ്ധാത്മാവിലുണ്ട്. “ അവൻ എനിക്കുള്ളതിൽ നിന്നും എടുത്ത് നിങ്ങൾക്ക് അറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും ” (യോഹ. 16:14). നമ്മുടെ പ്രവർത്തികൾക്ക് ഉത്തരവാദിത്വം നമ്മുടെ ചുമലിൽ തന്നെയാണ്, നമ്മുടെ ഒരു ചിന്ത എന്നത്, നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനുള്ള ശക്തി നമുക്ക് ലഭിക്കുന്നു എന്നാണ്. നമ്മുടെ ഉത്തരവാദിത്വങ്ങൾ അവിടുത്തെ ചുമലിലാണെങ്കിൽ, അതു നിറവേറ്റുവാനുള്ള ശക്തി അവിടുത്തേയ്ക്കാണ് ആവശ്യമായിരിക്കുന്നത്. അത് അവനിൽ ഉണ്ട് എന്ന് പരിശുദ്ധാത്മാവ് നമ്മെ കാണിക്കുന്നു. ആ പരിശുദ്ധാത്മാവ് യേശുവിനെ നമുക്ക് വെളിപ്പെടുത്തുന്നു, ആ യേശുവിൻ പിശാചിനെ ജയിക്കുവാൻ കഴിയും ആ പ്രവർത്തി കാൽവറി ക്രൂശിൽ യേശു പൂർത്തിയാക്കുകയും ചെയ്തു. നമ്മുടെ കർത്താവിന് കൊടുത്തിരിക്കുന്ന പദവിയെയും അവിടുന്ന് നമ്മെ കാണിക്കുന്നു. “ .........സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്ത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തി യ്ക്കും കർത്തൃത്വത്തിമും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും ” (എഫെ. 1:21). എതിർക്കുന്ന സകല ശക്തികളുടെയും മുകളിൽ, നാം അവിടുത്തോട് അനുരൂപരാകയത്രേ ചെയ്യുന്നത് (എഫെ. 2:6). അതിന്റെ അർത്ഥം നാം ജയിച്ചുകൊണ്ടിരിക്കുന്നവരുടെ പക്ഷത്ത് എന്നല്ല, പിന്നെയോ, നാം ജയച്ചവന്റെ പക്ഷത്താണ്,

# ആശ്വാസപ്രദനായ പരിശുദ്ധാത്മാവ്

By Roy Hession (1908 - 1992)

നാം വിജയത്തിനുവേണ്ടി പോരാടേണ്ട ആവശ്യമില്ല, നാം പലപ്പോഴും ഭാരവും പ്രയാസവും ഉള്ളവരായിപ്പോകുന്നു, എന്നാൽ കർത്താവ് നമുക്കു വേണ്ടിയല്ലോ. എന്നാൽ നമ്മുടെ ആവശ്യങ്ങളുടെ സമയങ്ങളിൽ ആത്മാവ് ക്രിസ്തുവിനെയും അവനിൽ നിക്ഷിപ്തമായിരിക്കുന്ന ഉറവിടങ്ങളെയും നമ്മെ കാണിക്കുന്നു. നാം സ്വതന്ത്രരാണ്, നാം അവനിൽ തന്റെ വാഗ്ദത്തെ കാണിക്കുന്നു. വാലല്ല, തലയാണ് (ദിന. 28:13). തോൽവിയെ ഇല്ലാതാക്കി. ആത്മാവിനാൽ നാം ജയിക്കുക എന്നു പറഞ്ഞാൽ എല്ലാ തലങ്ങളിലും നാം ജയിക്കുന്നു എന്നാണ്. നമുക്ക് ലഭിച്ചിരിക്കുന്ന വിശ്വാസം ലോകത്തെ ജയിക്കുന്ന വിശ്വാസമാണ് (1യോഹ. 5:4). നാം ആ വിശ്വാസത്തോടും ധൈര്യത്തോടും പോകുമ്പോൾ ദൈവത്തിന്റെ പ്രവൃത്തി നമുക്കു കാണാം. സ്പർജ്ജൻ എന്ന ദൈവദാസനെക്കുറിച്ച് പഠിക്കുമ്പോൾ തന്റെ പ്രശ്നങ്ങളെ സംബന്ധിച്ചും ഉത്തരവാദിത്വങ്ങളെ സംബന്ധിച്ച് ഭാരപ്പെട്ടിരുന്നതിനെക്കുറിച്ച് അറിയാം. ഒരിക്കൽ തന്റെ വാഹനത്തിൽ സഞ്ചരിച്ചുവരവേ താൻ ഉച്ചത്തിൽ ചിരിക്കുവാനിടയായി. അറ്റലാന്റിക് സമുദ്രത്തിൽ നീന്തി നടക്കുന്ന ഒരു മത്സ്യത്തിന്, അതിലെ വെള്ളം തീർന്നു പോകുമോ എന്ന് ചിന്തിച്ചു ഭാരപ്പെടേണ്ടതില്ലല്ലോ. അതുകൊണ്ട് കർ ത്താവ് തന്റെ ആവശ്യങ്ങൾക്കും മതിയായവൻ തന്നെ എന്ന് ചിന്തിക്കുവാൻ തുടങ്ങി. ആവശ്യത്തിലിരിക്കുന്ന തന്റെ ദാസന്മാർക്ക് പരിശുദ്ധാത്മാവ് മദ്ധ്യസ്ഥം ചെയ്യുന്ന ആശ്വാസപ്രദനാണ്.

നമ്മുടെ സകല ചോദ്യങ്ങൾക്കും മറുപടി നൽകുകൊണ്ട് പരിശുദ്ധാത്മാവ് നമുക്കു സേവ ചെയ്യുന്നു.

ഞാൻ മനസിലാക്കിയതായ ഒരു കാര്യം എന്നത്, പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി ഐശ്വര്യമായി തന്റെ മക്കളിൽ വസിക്കുന്നു. അത് നാം നിരന്തരമായി ദൈവത്തോട് പ്രാർ ത്ഥിക്കുന്നതുകൊണ്ട് മാത്രമല്ല, അവിടുന്ന് മരിച്ചവരിൽ നിന്ന് എഴുന്നേറ്റിരിക്കയാൽ തന്റെ ശക്തിയും മഹത്വവും നമുക്ക് വെളിപ്പെടുത്തിത്തരികകൂടെയാണ് ചെയ്തത്. എലീശാ ഏലീയാവിന്റെ ആത്മാവിന്റെ ഇരട്ടിപ്പങ്ക് പ്രാപിച്ച തന്റെ യജമാനന്റെ വാഗ്ദത്ത പ്രകാരം താൻ എടുത്തുകൊള്ളപ്പെടുന്നത് കണ്ടതുകൊണ്ടാണ്. ഏലിയാവിന്റെ മേലങ്കി, തന്റെ ശക്തിയുടെ അടയാളമായി ഏലീശയുടെമേൽ വീഴുകയാണ് ചെയ്തത്. കർത്താവായ യേശുവിൽ വിശ്വസിച്ച് പരിശുദ്ധാത്മാവിന്റെ ഇഷ്ടത്തിന് നമ്മെ ഏല്പിക്കുമ്പോൾ വിശ്വാസത്താൽ കർത്താവായ യേശുവിനെക്കുറിച്ചുള്ള വെളിപ്പാട് നാം പ്രാപിക്ക കൂടെ ചെയ്യുകയാണ്. ഉയരത്തിലെ ശക്തി നമ്മുടമേൽ ഇറങ്ങി നാം ശക്തിപ്പെട്ട് ധൈര്യപ്രാപിച്ച് ദൈവത്തിന്റെ പ്രവർത്തി നമ്മിൽ നടക്കുന്നത് നാം കാണുകയാണ്.

കർത്താവ് നമുക്ക് നൽകിത്തരാൻ ഇച്ഛിക്കുന്നിതിനെ പ്രാപിക്കുവാനുള്ള കാഴ്ചപ്പാട് കർത്തവ്യം യേശുവിനെക്കുറിച്ചുള്ള കാഴ്ചപ്പാട് ജയിച്ചു കീരിടം അണിഞ്ഞ് വാഴുന്ന യേശുവിനെക്കുറിച്ചുള്ള കാഴ്ചപ്പാടുള്ളവരായിത്തന്നെ മുന്നേറുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ❖

(1-ാംപേജിന്റെ തുടർച്ച)

**കഷ്ടതയിൽ പരിശുദ്ധാത്മാവിലൂടെ വിജയം**

(റോ. 5:5), എഫെസോസിലെ സഹോദരന്മാർക്കുവേണ്ടിയുള്ള തന്റെ പ്രാർത്ഥനയ്ക്കുള്ള ഉത്തരം തന്റെ ഹൃദയത്തിൽ പകർന്നു കിട്ടി. “ അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും...” (എഫെ. 3:16,17).

ഉള്ളിൽ വസിക്കുന്ന ക്രിസ്തുവിലുള്ള വിശ്വാസത്താൽ, ശക്തിയും ധൈര്യവും ഉള്ളവരായി, കഷ്ടതയും പരിശോധനകളും സഹിപ്പാൻ ശക്തി പ്രാപിച്ച് ഇന്ദ്രജയമുള്ളവരായി, ധീരതയോടെ ഉല്ലാസവാന്മാരായി സന്തോഷവും നന്ദിയും ഉള്ള ഹൃദയത്തോടെ അവർ മുന്നേറുകയാണ് ചെയ്യുന്നത്.

**കുലുങ്ങിപ്പോകാത്ത ധൈര്യം.**

ഇത് ഇന്ദ്രജാലക്കാരന്റെ ആത്മാവിലല്ല, പിന്നെയോ, കർത്താവായ യേശുക്രിസ്തു തന്റെ പരിശുദ്ധാത്മാവിനാൽ നൽകുന്ന സ,ന്തോഷത്താലും ധൈര്യത്താലും അവർ കഷ്ടതയെ ജയിക്കുന്നു. കർത്താവായ യേശുവിലുള്ള വിശ്വാസത്താൽ സന്തോഷത്തോടും, ഉറപ്പോടും, മാധുര്യത്തോടും, കുലുങ്ങാത്ത പ്രത്യാശയോടും അത്രേ അവർ തങ്ങളുടെ ജീവിതങ്ങളെ ഏല്പിച്ചുകൊടുക്കുന്നത്.

ഒന്നാമതായി അവർ പൂർണ്ണമായും ക്രിസ്തുവിൽ അംഗീകരിക്കപ്പെട്ടു. രണ്ടാവതായി, എന്തു കഷ്ടം വന്നാലും അത് അളക്കപ്പെട്ടു, തൂക്കപ്പെട്ടു, തെറ്റിപ്പോകാത്ത

(ശേഷം 7-ാംപേജിൽ)

(2-ാം പേജിന്റെ തുടർച്ച)

**പരിശുദ്ധാത്മ സാന്നിദ്ധ്യത്തിന്റെ അടയാളങ്ങൾ**

അതിന് ഫലമുണ്ടാകും.

ഒരു വടക്കു നോക്കി യന്ത്രത്തിൽ അതിന്റെ സൂചി വടക്കോട്ട് തിരിഞ്ഞിരിക്കുന്നതുപോലെ ജീവനുള്ള ഒരു മരത്തിൽ കറ, കൊമ്പുകൾ, ഇല കായ്കൾ ഉണ്ടായിരിക്കുന്നതുപോലെ ഒരു കപ്പിത്താൻ തന്റെ ഇഷ്ടപ്രകാരം ഒരു കപ്പലിനെ നിയന്ത്രിക്കുന്നതുപോലെ ആത്മാവ് ഹൃദയങ്ങളിൽ വസിച്ചുകൊണ്ട് നമ്മുടെ ചിന്തകളെ, സ്വാധീനങ്ങളെ, അഭിപ്രായങ്ങളെ, സ്വഭാവത്തെ, ജീവിതത്തെ തന്നെ നിയന്ത്രിക്കുന്നു.

**അഞ്ചു പ്രത്യേകമായ അടയാളങ്ങൾ**

അറിയപ്പെടുന്ന നിലയിൽ നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ എന്താണ്? ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ എനിക്ക് പ്രയാസമില്ല. പരിശുദ്ധാത്മാവ് വ്യക്തമായ ഒരു പദ്ധതിയിലൂടെയാണ് പ്രവർത്തിക്കുന്നത്. തേനീച്ച തന്റെ അറകൾ ഒരു ഷഡ്ഭുജം പോലെ ക്രമമായി ഒരുക്കുന്നതുപോലെ ദൈവത്തിന്റെ ആതാമാവ് മനുഷ്യ ഹൃദയങ്ങളിൽ വ്യക്തമായ ഫലങ്ങൾ ഉളവാക്കുന്നു. ആത്മാവിന്റെ വേല ഒരു യജമാനന്റെ വേലയാണ്. ലോകത്തിന് അതിന്റെ സൗന്ദര്യം കാണാൻ കഴിയില്ല. പ്രാകൃത മനുഷ്യന് അത് മണ്ടത്തരങ്ങളാണ്. "എന്നാൽ ആത്മികനോ സകലത്തേയും വിവേചിക്കുന്നു" (1കൊരി. 2:15). ഒരു നല്ല ആത്മികൻ ആത്മാവിന്റെ ഫലങ്ങളെ നന്നായി അറിയുന്നു. ഞാൻ അവയെ ക്രമമായി നിങ്ങളുടെ മുമ്പിൽ നിരത്താം. അവയെല്ലാം വ്യക്തവും തെറ്റില്ലാത്തതുമാണ്. അവയെല്ലാം ബുദ്ധിമാന് തെളിവും പരിജ്ഞാനം ലഭിച്ചവർക്ക് നേരും ആകുന്നു.

1) എവിടെ ആത്മാവുണ്ടോ അവിടെ പാപബോധവും മാനസാന്തരവും ഉണ്ടാകുന്നു. പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ പ്രവൃത്തിയാണ് പാപബോധം ഉണ്ടാക്കുക എന്നത്. (യോഹ.16:18). പരിശുദ്ധാത്മാവ് ദൈവത്തിന്റെ വിശുദ്ധിയെ വെളിപ്പെടുത്തുന്നു. പരിശുദ്ധാത്മാവ് നമ്മുടെ തെറ്റുകളേയും കുറവുകളെയം വെളിപ്പെടുത്തുന്നു. അത് നമ്മുടെ സ്വയ നീതിയെ പുറത്തു കൊണ്ടുവരുന്നു. നമ്മുടെ കുറ്റങ്ങളെയും കുറവുകളെയും അതിനാലുള്ള അപകടത്തെയും കാണുവാൻ നമ്മുടെ കണ്ണുകളെ തുറക്കുന്നു. പാപത്തെ ദൈവം വെറുക്കുന്നു എന്ന നിലയിൽ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ പാപബോധവും അനുതാപവും ദു:ഖവും ഉളവാക്കുന്നു.

2) എവിടെ പരിശുദ്ധാത്മാവുണ്ടോ അവിടെ യേശുക്രിസ്തു ഏക രക്ഷകൻ എന്ന നിലയിൽ ജീവനുള്ള വിശ്വാസത്തെ ഉളവാക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ മറ്റൊരു പ്രവൃത്തിയാണ് ക്രിസ്തുവിനെ സാക്ഷിപ്പാൻ ഒരുക്കുക എന്നുള്ളത്. ക്രിസ്തുവിനെ മനുഷ്യർക്ക് കാണിച്ചുകൊടുക്കുന്നു (യോഹ. 16:15). പാപിയായ മനുഷ്യനെ യേശുവിലേയ്ക്ക് നടത്തി അവിടുത്തെ രക്തത്താൽ പാപപരിഹാരമുണ്ടാക്കുന്നു. നമ്മെ ദൈവത്തിങ്കലേയ്ക്ക് നടത്തുവാൻ നീതിമാനായ ക്രിസ്തു നീതികെട്ടവരായ നമുക്കുവേണ്ടി കഷ്ടമനുഭവിച്ചു എന്ന് പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നു. പാപഭാരം പേറുന്ന മനുഷ്യൻ യേശുവിൽ വിശ്വസിച്ച് യേശുവിനെ സ്വീകരിച്ച്, ക്രിസ്തുവിന് നമ്മെത്തന്നെ സമർപ്പിച്ച് സമാധാനവും, പാപക്ഷമയും നിത്യജീവനും നമ്മുടെ സ്വന്തമായിത്തീരുന്നു എന്ന് പഠിപ്പിക്കുന്നു. നമ്മുടെ വീണ്ടെടുപ്പിന്റെ വേല മനോഹരമായി പൂർത്തീകരിച്ച് ക്രിസ്തു നമ്മുടെ ആവശ്യങ്ങൾക്ക് മതിയായവനാണ് എന്ന് നമ്മെ പഠിപ്പിക്കുന്നു. മറ്റാരിലേക്കും നോക്കാതെ, ആശ്രയിക്കാതെ യേശുവിലേയ്ക്ക് മാത്രം നോക്കുവാൻ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ അകൃത്യങ്ങൾ നിമിത്തം മരണത്തിന് ഏല്പിച്ചും നമ്മുടെ നീതീകരണത്തിനായി ഉയർത്തുമിരിക്കുന്നു (റോ. 4:24)

3) എവിടെ പരിശുദ്ധാത്മാവുണ്ടോ അവിടെ വിശുദ്ധ ജീവിതവും അതിനെക്കുറിച്ചുള്ള സംസാരവുമുണ്ട്. പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവാണ്. അവിടുന്ന് വിശുദ്ധീകരിക്കുന്ന ആത്മാവാണ്. അവിടുന്ന് പരുക്കനായ ജഡികമായ ലോക മനുഷ്യന്റെ ഹൃദയം മാറ്റി, പകരം താഴ്മയുള്ള മനസാക്ഷിയുള്ള ആത്മീക ഹൃദയം നൽകി ദൈവചനത്തിൽ സന്തോഷിക്കുന്നു. ലോക ഇമ്പങ്ങളിൽ നിന്നും തിരിച്ച് ദൈവത്തിങ്കലേയ്ക്ക് നടത്തി ദൈവത്തെ പ്രസാദിപ്പിക്കുവാൻ പഠിപ്പിക്കുന്നു. മനുഷ്യഹൃദയങ്ങളിൽ അനുഗ്രഹിക്കപ്പെട്ട വിത്തുകളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ പരോപകാരം, വിശ്വസ്തത, താഴ്മ, സൗമ്യത എന്നിവ വിതെയ്ക്കുന്നു. അത് തഴച്ച് വളരുവാനും ധാരാളം ഫല കായ്ക്കുവാനും സഹായിക്കുന്നു. (ഗലാ. 5:22,23).

4) എവിടെ ആത്മാവുണ്ടോ അവിടെ എപ്പോഴും വിശ്വസ്തമായ വ്യക്തിപരമായ പ്രാർത്ഥന ഉണ്ടായിരിക്കും. അവിടുന്ന് കൃപയുടെയും യാചനയുടെയും ആത്മാവാണ് (സെഖ. 12:10). അവിടുന്ന് അബ്ബാ പിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ പദവിയേല്ക്ക് നടത്തുന്നു. ദൈവത്തോട് ആത്മാവിൽ പ്രാർത്ഥിപ്പാൻ നമ്മെ ഒരുക്കുന്നു. ഒരു കുഞ്ഞ് ജനിച്ച് ശ്വസിക്കുവാനും കരയാനും തുടങ്ങുന്നതുപോലെ ഒരു പുതിയ വിശ്വാസിയെ നിർബ്ബന്ധത്താലല്ല, സ്വാഭാവികമായി ദൈവത്തോട് കരയുവാനും യാചിക്കുവാനും പഠിപ്പിക്കുന്നു.

5) ഒടുവിലായി എവിടെ പരിശുദ്ധാത്മാവുണ്ടോ അവിടെ സ്നേഹവും ദൈവവചനത്തോടുള്ള ബഹുമാനവും ഉണ്ടായിരിക്കും. ഒരു കുഞ്ഞു അതിന്റെ ഭക്ഷണമായ പാൽ കുടിപ്പാൻ വാഞ്ചിക്കുന്നതുപോലെ പുതിയ ആത്മാക്കളെ വചനമാകുന്ന പാൽ കുടിക്കുവാൻ ഉൽസാഹിപ്പിക്കുന്നു. മനുഷ്യന്റെ കണ്ണുകൾക്ക് മറഞ്ഞിരിക്കുന്ന ദൈവിക നിറവുകൾ, അതിന്റെ ആഴങ്ങൾ, ജ്ഞാനം അതിന്റെ പൂർണ്ണത എല്ലാം പരിശുദ്ധാത്മാവ് കാണിച്ചുകൊടുക്കുന്നു. ഈ ലോകജീവിതയാത്രയിൽ അത്യാവശ്യമായിരിക്കുന്ന ദൈവവചനത്തിന്റെ ശക്തിയും വെളിച്ചവും, വിളക്കും മന്നയും വാളും അങ്ങനെ ഈ ലോക ജീവിത യാത്രയിൽ ആവശ്യമായിരിക്കുന്നതെല്ലാം അവിടുന്ന് തന്ന് വഴി നടത്തുന്നു.

എന്റെ മാന്യവായനക്കാരുടെ മുമ്പാകെ ഏറ്റവും പ്രധാനപ്പെട്ട ഈ അടയാളങ്ങളെ ഞാൻ നിരത്തിവയ്ക്കുന്നു. അവ പരിശോധനയ്ക്കു വിധേയമാണ്. അത് മാനസാന്തരത്തിലേയ്ക്കും കർത്താവയ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലേയ്ക്കും ഹൃദയത്തിന്റെയും ജീവിതത്തിന്റെയും വിശുദ്ധിയിലേക്കും വ്യക്തിപരമായ പ്രാർത്ഥനയിലേക്കും ദൈവചനത്തോടുള്ള

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

**പരിശുദ്ധാത്മ സാന്നിദ്ധ്യത്തന്റെ അടയാളങ്ങൾ**

സ്നേഹത്തിലേക്കും ബഹുമാനത്തിലേയ്ക്കും നമ്മെ നടത്തുന്നു. അവ ദൈവത്തിന്റെ പരിശുദ്ധാത്മാവു മനുഷ്യഹൃദയങ്ങളിൽ വസിക്കുന്നു എന്നതിന്റെ .തെളിവുകളാണ്. എവിടെ ആത്മാവുണ്ടോ അവിടെ ഈ കാര്യങ്ങൾ കാണും. ആത്മാവില്ലാത്തയിടത്ത് ഈ അടയാളങ്ങളും കാണുകയില്ല.

## നിങ്ങളിൽ പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ

ജീവിതത്തിൽ പ്രയോജനപ്പെടുത്തുവാൻ എന്റെ വാക്കുകളെ ഇവിടെ വളരെ കുറഞ്ഞവാക്കുകളിൽ പറയുവാൻ ആഗ്രഹിക്കുന്നു.

ആദ്യമായി നിങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് ഇല്ല എന്ന് തോന്നുന്നവരോടുള്ള ഒരു ക്ഷണം ആണ് ഈ ക്ഷണം വളരെ ചെറുതും, ലളിതവുമാണ്. ദൈവത്തോട് അടുത്തു ചെന്ന് കർത്താവായ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക. നിങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പകർച്ചയ്ക്കായി പ്രാർത്ഥിക്കുക. അവിടെ എല്ലാ സാദ്ധ്യതകളും നമുക്കുണ്ട്. ദൈവത്തിന്റെ വചനം നമ്മെ ധൈര്യപ്പെടുത്തുന്നു. "എന്റെ ശാസനയ്ക്ക് തിരിഞ്ഞുകൊള്ളുവിൻ. ഞാൻ എന്റെ മനസ്സ് നിങ്ങൾക്ക് പൊഴിച്ച് തരും; എന്റെ വചനങ്ങൾ നിങ്ങളെ അറിയിക്കും" (സദൃ. 1:23). അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും (ലൂക്കൊ. 11:13). ഇത് ആയിരങ്ങളുടെ ജീവിത അനുഭവമാണ്. ഒടുവിലത്തെ നാളിൽ ആയിരങ്ങൾ എഴുന്നേറ്റ് സാക്ഷ്യം പറയും, ഞങ്ങളുടെ കഷ്ടതയിൽ ദൈവത്തോടു പ്രാത്ഥിച്ചു, ദൈവം കേട്ടു, ദൈവകൃപയെ അന്വേഷിച്ചു ഞങ്ങൾ കണ്ടെത്തി. കർത്താവായ യേശുക്രിസ്തുവിൽ ആ ധൈര്യം നമുക്കുണ്ട്. അവിടുന്ന് കൃപയോടെ കാത്തിരിക്കുന്നു. പാപികളെ അവിടുന്ന് ക്ഷണിക്കുന്നു. വരുന്ന ആരെയും അവിടുന്ന് ഉപകേഷിക്കുന്നില്ല. " അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളായിത്തീരുവാൻ അവൻ അധികാരം കൊടുത്തു" (യോഹ. 1:12).

ആവശ്യബോധത്തോടെ താഴ്മയോടെ അനുതാപത്തോടെ യേശുവിന്റെ അടുത്തേയ്ക്കു ചെല്ലുക നിങ്ങളുടെ ശ്രമം വൃഥാവായിരിക്കയില്ല. നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ദൈവത്തോട് കരയുക, ഒരു ഉദ്ദേശവുമില്ലാതെ കരയരുത്. നിങ്ങളുടെ ആവശ്യങ്ങളെ, പാപങ്ങളെ, ഭയത്തെ, അപകടത്തെ ദൈവത്തോട് പറയുക, അവിടുന്ന് നിങ്ങളെ കൈവിടുകയില്ല. ചോദിക്കുക നിങ്ങൾക്ക് കിട്ടും. അന്വേഷിക്കുക നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും. പാപികളായി ജീവിക്കുന്നവരേ ഞാൻ നിങ്ങളോട് സാക്ഷീകരിച്ച് പറയുന്നത്, നിങ്ങളുടെ പാപങ്ങളെ യേശു ക്ഷമിക്കും. അവിടുത്തെ സന്നിധിയിൽ ധാരാളമായ പാപക്ഷമയുണ്ട്. വരൂ., ഇപ്പോൾ, യേശുക്രിസ്തുവിങ്കലേയ്ക്ക് വരൂ.

## നിങ്ങൾക്ക് ആത്മാവ്, ഉണ്ടെങ്കിൽ

പരിശുദ്ധാത്മാവുള്ള ഏതൊരു വിശ്വാസിയോടും പാപക്ഷമ പ്രാപിച്ച, വിശ്വസിക്കുന്ന വിശുദ്ധിയിൽ ജീവിക്കുന്ന പ്രാർത്ഥിക്കുന്ന ദൈവവചനത്തെ സ്നേഹിക്കുന്ന ഏവരോടും ഞാൻ പ്രബോധിപ്പിക്കുന്നു. എന്റെ ഈ പ്രബോധനത്തിൽ മൂന്ന് കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

ഒന്നാമത്തേത്, ആത്മാവിന് നന്ദിയുള്ളവരായിരിക്കണം. രണ്ടാമത്തേത്, ആത്മാവ് നിറഞ്ഞവരായിരിപ്പിൻ. പരിശുദ്ധാത്മാവിന്റെ അനുഗ്രഹീതമായ സാന്നിദ്ധ്യത്തെ കൂടുതൽ കൂടുതൽ അന്വേഷിക്കണം. നമ്മുടെ ചിന്തകൾ, വാക്കുകൾ, പ്രവർത്തി, സ്വഭാവം എല്ലാം പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലും അനുസരണത്തിലും കൊണ്ടു വരണം. ലോകത്തിന്റെ ഇമ്പങ്ങളിൽ മുഴുകി പരിശുദ്ധാത്മാവിനെ ദു:ഖപ്പിക്കരുത്. ചെറിയ ചെറിയ പാപങ്ങൽ ചെയ്തു പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്. ഓരോ ദിവസവും പരിശുദ്ധാത്മാവിന്റെ ആധിപത്യത്തിനും ഭരണത്തിനുമായി നമ്മെ ഏല്പിച്ചുകൊടുക്കണം. ദൈവകൃപയിലും ക്രിസ്തേശുവിലുള്ള പരിജ്ഞാനത്തിലും ദിനതോറും വളരണം. അങ്ങനെ ലോകത്തിന് നന്മ ചെയ്യാൻ സാധിക്കും. ഒരു ക്രിസ്തു വിശ്വാസിതങ്ങൾ അറിയാത്ത ആയിരങ്ങൽക്ക് വഴി കാട്ടിയാവുന്ന ദൂരെ നിന്നും കാണുന്ന ഒരു പ്രകാശ ഗോപുരം ആണ്. അത് ഉള്ളിൽ സുഖപ്രദമായ ഒരു ധൈര്യം പകർന്നു തരുന്നു, മരണത്തിലും പ്രത്യാശ നൽകുന്ന, ലോകത്തെ പിൻതള്ളി ഒരു കിരീടത്തിന് അവകാശിയാക്കുന്നു.

ഒടുവിലായി, സഭയിലും ദേശത്തും ഒരു വലിയ പരിശുദ്ധാത്മ പകർച്ചയുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഇതാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും പ്രധാനമായ ആവശ്യം. പണത്തെക്കാളും ലോകത്തിൽ മറ്റെന്തിനേക്കാൾ ഏറ്റവും നമുക്കാവശ്യമായിരിക്കുന്നത് അതാണ്. പൗലൊസിന്റെ നാളുകളിലേതിനേക്കാൾ ഒരു കൂട്ടം ആളുകളെ പ്രസംഗിക്കുവാനായി ഇന്ന് ആവശ്യമുണ്ട്. ഏറ്റവും അനുഗ്രഹിക്കപ്പെട്ട വേല അവരിലൂടെ ലോകത്ത് ഫലപ്രദമായി തന്നെ നടന്നു. അതിനെക്കാൾ വലിയ പരിശുദ്ധാത്മാവിന്റെ ശക്തി ഇന്ന് നമുക്ക് ആവശ്യമായിരിക്കുന്നു. പ്രസംഗങ്ങളിൽ, കൂട്ടായ്മകളിൽ, പാസ്റ്റർമാരുടെ സന്ദർശനങ്ങളിൽ, സ്കൂളുകളിൽ എല്ലാം പരിശുദ്ധാത്മാവിന്റെ പകർച്ച ആവശ്യമായിരിക്കുന്നു. എവിടെ പരിശുദ്ധാത്മാവുണ്ടോ അവിടെ ജീവൻ, ആരോഗ്യം, വളർച്ച, ഫലഭൂയിഷ്ടത എന്നിവയുണ്ട്. ആത്മാവില്ലാത്തേടത്ത്, നാഥേയമായതും, ഉറങ്ങിയതും, മയങ്ങിയതും, തണുത്തതുമായ അനുഭവങ്ങളായിരിക്കും. അതുകൊണ്ട് ശുദ്ധവും മാലിന്യമില്ലാത്തതുമായ അനുഗ്രഹീതമായ ഭരണവും ദൈവപ്രവർ ത്തിയും വെളിപ്പെടേണ്ടതിനും ഓരോ പ്രാദേശിക സഭകളും പരിശുദ്ധാത്മ നിറവിൽ ബലപ്പെട്ടു വളരേണ്ടതിനും കൂടുതലായി പ്രാർ ത്ഥിക്കാം.

❖

(3-ാംപേജിന്റെ തുടർച്ച)

**പ്രസംഗപീഠങ്ങളിൽ അഭിഷേകത്തിനായി പ്രാർത്ഥിക്കുക**

അഭിഷേകം പഠനത്താൽ നേടാൻ കഴിയുന്ന ഒന്നല്ല, പ്രാർത്ഥനയാലാണ് അഭിഷേകം നേടുന്നത്. പ്രാർത്ഥനയിൽ പോരാടി ജയിക്കുന്ന പ്രാർത്ഥനാ പോരാളികൾക്ക് ദൈവം നൽകുന്ന അംഗീകാരമാണ് അഭിഷേകം. പ്രസംഗപീഠത്തിലെ തീപ്പൊരി പ്രസംഗം കൊണ്ടോ, ബുദ്ധിവൈഭവം കൊണ്ടോ നേടുന്ന വിജയമല്ല നേടുന്ന വിജയമല്ല, പിന്നെയോ പ്രാർത്ഥനയിൽ അടുത്തചെല്ലുകയാണ്.

അഭിഷേകം വരുന്നത് ബിഷപ്പിന്റെ ഓർഡിനേഷൻ

(ശേഷം 7-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

**കഷ്ടതയിൽ പരിശുദ്ധാത്മാവിലൂടെ വിജയം**

ദൈവികജ്ഞാനത്താലും ദൈവസ്നേഹത്താലും നിയന്ത്രിക്കപ്പെട്ടു. മൂന്നാമതായി, പ്രതിസന്ധികളെക്കുറിച്ച് സംസാരിക്കുമ്പോൾ അത് എത്ര വലിയ കഷ്ടമായാലും അത് സഹിപ്പാനുള്ളതിൽ ഒന്നാണ് എന്ന് ചിന്തിക്കും”. “എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു ” (റോ. 8:28), ഒരു വേള, മഹത്വത്തിലേക്ക് പറന്നുപോകും എന്ന പ്രത്യാശ മാത്രമല്ല, ഏല്പിക്കപ്പെട്ട വേല വിശ്വസ്തമായി തികയ്ക്കണം എന്നും കൂടെയാണ്, ഞൊടി നേരത്തേയ്ക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു. (2 കൊരി. 4:17).

നാലാമതായി, പതിവിലും വ്യത്യസ്തമായി തീച്ചൂള ഏഴിരട്ടി ചൂട് കൂട്ടിയാലും, നാലാമനായി ഒരുവൻ നമ്മോടൊപ്പം നടക്കുന്നു, നാലാമന്റെ രൂപം ഒരു ദൈവദൂതനോടൊത്തിരിക്കുന്നു. (ദാനി. 3:25). ശത്രുക്കൾ ജയഭേരി മുഴക്കിക്കൊണ്ട് നമ്മെ എടുത്ത് സിംഹങ്ങളുടെ ഗുഹയിൽ എറിഞ്ഞാലും ദൈവത്തിന്റെ ദൂതൻ കടന്നുവന്ന് സിംഹങ്ങളുടെ വായ് അടച്ചുകളയുന്നു. ശത്രുക്കൾ നമുക്കെതിരെ മൂർച്ചയുള്ള ആയുധങ്ങളായി അണി നിരന്നാലും അവർ ജയിക്കയില്ല, കാരണം ദൈവം നമുക്ക് പരിചയും പലകയുമാകുന്നുവല്ലോ. എല്ലാം നഷ്ടപ്പെട്ടാലും ദൈവം എന്നേയ്ക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയും ആകുന്നു. (സങ്കീ. 73:26).

എല്ലാവരും ദൈവത്തിന്റെ പ്രിയമക്കൾ അല്ല. എന്നാൽ ദൈവം വച്ചിരിക്കുന്ന നിലവാരമാണ് കഷ്ടങ്ങളുടെയും പ്രയാസങ്ങളുടെയും മേൽ ജയമെടുക്കണം എന്നുള്ളത്. അവർ ഹൃദയങ്ങളെ തുറന്ന് ദൈവത്തിന്റെ വാഗദത്തം ഏറ്റെടുക്കും, ആത്മാവ് നിറഞ്ഞവരായിരിപ്പിൻ.

## ഇവിടെ സാൽവേഷൻ ആർമി ശുശ്രൂഷകന്റെ സാക്ഷ്യം

പാപിയായിരുന്ന എന്റെ ജീവിതം പറുമേ കാണുന്നവർക്ക് ലളിതവും പ്രശ്നമില്ലാത്തതുമായി തോന്നി, എന്റെ സ്നേഹിതന്മാർ പലരും എന്റെ ജീവിതത്തെക്കുറിച്ച് അസൂയപ്പെട്ട് മാത്രമല്ല, ഒരു ക്രിസ്ത്യാനി എന്ന നിലയിൽ എന്റെ ജീവിതം വളരെ സുരക്ഷിതവും, സന്തോഷമുള്ളതും അദ്ധ്വാനമുള്ളതും, നല്ലതുമാണ് എന്ന് അവർ ചിന്തിച്ചു, വാസ്തവത്തിൽ ഇതെല്ലാം പുറമേയുള്ള കാഴ്ചകളായിരുന്നു, എന്നാൽ എന്റെ യഥാർത്ഥ അവസ്ഥ അവർ ചിന്തിക്കുന്നതിലും നേരേ വിപരീതമായിരുന്നു.

എന്റെ ജീവിതം ദൈവത്തിൽ നിന്നും അകന്ന്, അലസനും, ഉത്തരവാദിത്വങ്ങളിൽ ചിന്തയില്ലാത്തവനും ആയിരുന്നു. ഭീതിയുടെ അതിഭയങ്കരമായ ഭാരം വഹിക്കുന്നവനും ആകുലചിന്തകളും തുടർച്ചയായി നിരാശയും എന്നെ പിടിച്ചിരുന്നു. പ്രശ്നങ്ങൾ എന്നെ അലട്ടിയിരുന്നു. മരണത്തെക്കുറിച്ചുള്ള ചിന്ത തുടർച്ചയായി എന്നെ വേട്ടയാടിക്കൊണ്ടിരുന്നു.

എന്നാൽ എന്നെ പൂർണ്ണമായി ദൈവകരങ്ങളിൽ കൊടുത്തപ്പോൾ, എന്റെ സമൃദ്ധി അദ്ധ്വാനത്തിലേയ്ക്ക് വഴി മാറി, ഉത്തരവാദിത്വങ്ങൾ കൂടി, ദാരിദ്ര്യവും ത്യാഗവും ജീവിതത്തിൽ വന്നു, എങ്കിലും ഭാരം തോന്നിയില്ല, ജീവിതത്തിൽ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചു, എങ്കിലും ഭയം തോന്നിയില്ല. കാരണം ദൈവത്തിന്റെ സാന്നിദ്ധ്യം എന്നോടു കൂടെയുണ്ടായിരുന്നു. പ്രശ്നങ്ങൾ ജീവിതത്തിലുള്ളപ്പോൾ ഞാൻ അതിനെക്കുറിച്ച് ചിന്തിച്ചില്ല, എന്റെ ചിന്തമുഴുവൻ പിന്നെ ദൈവത്തിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചും അവിടുത്തെ സ്നേഹത്തെക്കുറിച്ചുമായിരുന്നു...........

ഇതാണ് നമ്മിൽ വസിക്കുന്ന ആശ്വാസപ്രദന് നമുക്ക് നൽകുവാൻ കഴിയുന്ന വിശ്വാസത്തിന്റെ വിജയം. അവിടുത്തെ പരിശുദ്ധനാമം വാഴ്ത്തപ്പെടുമാറാകട്ടെ!

❖

(6-ാംപേജിന്റെ തുടർച്ച)

**പ്രസംഗപീഠങ്ങളിൽ അഭിഷേകത്തിനായി പ്രാർത്ഥിക്കുക**

വഴിയല്ല, പ്രസംഗി ജയിലിലടയ്ക്കപ്പെടുമ്പോഴുമല്ല മൃദുവായോ, മാധുര്യമായോ ജീവിതത്തിലേയ്ക്കു തുളച്ച് ചെല്ലുന്നതോ, ഊർന്നിറങ്ങുന്നതോ ആയ അനുഭവമാണ്. നീതി ന്യായങ്ങളുടെ ചുറ്റികയോ, മാനുഷികമുദ്രയുടെ തീയോ, കഠിനഹൃദയങ്ങളെ തുറക്കുന്നതിൽ പരാജയപ്പെടും, എന്നാൽ അഭിഷേകം ജയിക്കും. അഭിഷേകം ഇല്ലാതെ സഭകളുടെ അൾത്താരകൾക്ക് ജീവിതങ്ങളിൽ പാപക്ഷമയുടെ ആകാംഷ ഉളവാക്കുവാൻ സാദ്ധ്യമല്ല. ആധുനിക സൗകര്യങ്ങളോടു കൂടെ മാസങ്ങൾ ചെലവിട്ടു നടത്തുന്ന മീൻപിടിത്ത ബോട്ടുകൾ ഒന്നും കിട്ടാതെ ശൂന്യമായി മടങ്ങി വരുന്നത് കണ്ടിട്ടില്ലേ, എന്ത് ഒഴികഴിവാണ് നാം പറയുന്നത്?

ദൈവവചനത്തിന്റെ തെറ്റായ വ്യാഖ്യാനത്താൽ ആയിരക്കണക്കിന് സഭകൾ ആഴ്ചകൾ കഴിയുന്തോറും, മാസങ്ങൾ കഴിയുന്തോറും വർഷങ്ങൾ കഴിയുന്തോറും ശൂന്യമായികൊണ്ടിരിക്കുന്നു.

ഏറ്റവും മോശമായ കാര്യ എന്നത്, അൾത്താരകളിൽ കത്തേണ്ടതായ അഗ്നി, ഒന്നുകിൽ പുറത്തായിരിക്കുന്നു, അല്ലെങ്കിൽ വളരെ മങ്ങിക്കത്തുന്നു പ്രാർത്ഥനായോഗങ്ങളിൽ ജീവനില്ലാത്തതായികൊണ്ടിരിക്കുന്നു. നമ്മുടെ മനോഭാവത്തിൽ നിന്നും പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തോട് ഇങ്ങനെ പറയുന്നു, ആത്മാവിൽ ആരംഭിച്ചതിനെ ജഡത്തിൽ പൂർത്തിയാക്കുവാൻ ഞങ്ങൾക്ക് കഴിയും. നിങ്ങൾ എത്ര സമയം പ്രാർത്ഥനയിൽ ചെലവഴിച്ചു എന്ന് ഏതെങ്കിലും സഭ തങ്ങളുടെ ശുശ്രൂഷകനോട് ചോദിക്കാറുണ്ടോ? ഓരോ ദിവസവും വേണ്ടും വണ്ണം പ്രാർത്ഥനയിൽ ചെലവിടാത്ത ശുശ്രൂഷകന്മാർ ഒന്നുകിൽ മങ്ങിയ അവസ്ഥയിലായിരിക്കും അല്ലെങ്കിൽ പ്രയോജനമില്ലാത്ത അവസ്ഥയിലായിരിക്കും.

## ഉദരത്തിൽ ജനിക്കേണ്ടതിനുപകരം കല്ലറയിൽ ജനിച്ചു.

തളർവാതം പിടിച്ച ബാലിശമായ, ശക്തിയില്ലാത്ത പ്രസംഗം പ്രയോജനമില്ലാത്തതാണ് കാരണം, ഉദരത്തിൽ ജനിക്കേണ്ടതിന് പകരം കല്ലറയിൽ ജനിച്ചു. ശക്തിയില്ലാത്ത പ്രാർത്ഥനയില്ലാത്ത ആത്മാവിനാൽ പോഷിപ്പിക്കപ്പെട്ടു. നമുക്ക് പ്രസംഗിച്ച് നശിക്കാൻ കഴിയും. എന്നാൽ പ്രാർത്ഥിച്ച് നശിക്കാൻ കഴിയുകയില്ല. ദൈവം നമ്മെ ശുശ്രൂഷയ്ക്ക് വിളിച്ചിരിക്കുന്നു എങ്കിൽ പ്രിയ സഹോദരന്മാരേ, ഞാൻ നിങ്ങളോട് പറയുന്നത്, അഭിഷേകം ഉള്ളവരായിരിപ്പിൻ. നിങ്ങളുടെ എല്ലാ നേട്ടങ്ങളിലും അഭിഷേകം ഉള്ളവരായിരിക്ക. ഒഴിഞ്ഞ അൾത്താരകൾ

(ശേഷം 8-ാം പേജിൽ)

( 7-ാം പേജിന്റെ തുടർച്ച)

**പ്രസംഗപീഠങ്ങളിൽ അഭിഷേകത്തിനായി പ്രാർത്ഥിക്കുക**

അല്ലെങ്കിൽ തിരക്കൊഴിഞ്ഞ അൾത്താരകൾ നമ്മുടെ അഭിഷേകമില്ലാത്ത ബുദ്ധി കേന്ദ്രങ്ങളുടെ മുദ്രയാണ്.

പഴയഗുരുക്കന്മാർ തങ്ങളുടെ ദൂത് മുഴങ്കാലിന്മേൽ നിന്നു പ്രാപിച്ചു, കണ്ണുനീർകൊണ്ട് അവയെ ചാലിച്ചു, കഠിനാദ്ധ്വാനത്തിന്റെ ആത്മാവിനാൽ ഞെരങ്ങി, പ്രാർത്ഥനയിൽ പോരാടി അതിനെ ചൂടാക്കി, കേൾക്കുന്നവരുടെ ഹൃദയങ്ങൾ ചൂടാകേണ്ടതിന്, പ്രസംഗിമാരുടെ ഹൃദയങ്ങളിൽ അതിനെ കത്തിച്ചു പ്രാർത്ഥനയ്ക്ക് പകരം വയ്ക്കാതായി മറ്റൊന്നില്ല. ഈ ഉന്നത നിലവാരം പുലർത്തുന്ന തലമുറയിൽ ശാസ്ത്രപൂരിതമായ ബുദ്ധിജീവികളുടെ വഴിയിൽ ദൈവത്തിന് എന്താണ് ചെയ്യാൻ കഴിയുക. നാം നിർബ്ബന്ധമായി സുവിശേഷം പ്രസംഗിക്കണം.

പ്രാർത്ഥിക്കുന്ന സഭ ഒരു ഉദാഹരണമാണ്; പ്രാർത്ഥനയില്ലാത്ത സഭ ഒരു ശവകല്ലറയാണ്.യ ഒരു പ്രാർത്ഥനയില്ലാത്ത പാസ്റ്റർ ഏറ്റവും വലിയ പരാജയമാണ്. ഉണർവ് ദൈവത്തിന്റെ ഇഷ്ടമാണ്. കർത്താവിന്റെ വരവ് പോയിട്ട് സഭയുടെ ഏറ്റവും വലിയ ആവശ്യവും ലോകത്തിന്റെ ഏക പ്രത്യാശയും ഒരു ഉണർവ്വാണ്.

ഉണർവ്വ് എന്നത് പഠിച്ച് നേടുന്നതോ വാങ്ങാൻ കിട്ടുന്ന സംഗതിയോ അല്ല. വേദപുസ്തകം അതിന്റെ രീതിയെ വെളിപ്പെടുത്തുന്നു. സഭ അതിനുള്ള ആളുകളെ തരുന്നു. പരിശുദ്ധാത്മാവ് തന്റെ മദ്ധ്യസ്ഥതയിലൂടെ ചെയ്യുന്ന പ്രവർത്തിയുടെ വഴിയിലൂടെ അത് വരുന്നു. അതിന്റെ തടസങ്ങൾ ദൈവത്തിൽ നിന്നല്ല വരുന്നത്. അവിടുന്ന് നല്കുവാൻ മനസുള്ളവരായിരിക്കുന്നു. എന്നാൽ നാം ആണ് തടസ്സം. ആത്മാവിന് നമ്മൾ പരിധിയെ വെച്ചു കളയുന്നു. " ചോദിക്കുന്നതിലും നിനയ്ക്കുന്നതലും അത്യ ന്തംപരമായി ചെയ്യുവാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന് " (എഫെ. 3:20). അകത്ത് ശക്തിവരുന്നില്ലെങ്കിൽ പുറത്ത് പ്രവർത്തിക്കുവാൻ കഴിയുന്നതല്ല. നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ? (അ.പ്ര. 19:2). ❖

( കഴിഞ്ഞ ലക്കം തുടർച്ച)

## ആത്മനിറവ്

പരിശുദ്ധാത്മാവിനെ അനുസരിച്ചാൽ മാത്രമേ ആത്മനിറവ് സാദ്ധ്യമാകൂ. എല്ലാറ്റിലും നാം അവിടുത്തെ അനുസരിക്കേണ്ടതാണ്. നിസാരമായി അവിടെയാതൊന്നുമില്ല. ഒരു ചെറിയ കല്പനാലംഘനത്തിലൂടെ നമുക്ക് പരിശുദ്ധാത്മാവിനെ പുറത്താക്കിക്കളയാൻ കഴിയും. ഒരു നോട്ടം, ഒരു വാക്ക്, ഒരു മറതലിപ്പ് എന്നിവയാൽ നമുക്ക് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കാൻ കഴിയും, അതിനെ നശിപ്പിക്കുവാൻ കഴിയും. വിലയെ കണക്കു കൂട്ടുക, ദൈവകല്പനയെ അവഗണിക്കരുത്. അവിടുന്ന് സ്നേഹത്തിന്റെ ആത്മാവാണ്. നമ്മെ പരിശോധിക്കുവാൻ ദു:ഖ ങ്ങളും നമുക്ക് തരും, നമ്മുടെ ആഴങ്ങളെ ദൈവത്തിന് അറിയണം.

### വിശ്വാസത്താൽ പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ

ആകയാൽ നിങ്ങൾ കർത്താവായ യേശുവിനെ കൈ ക്കൊണ്ടതുപോലെ നിങ്ങൾ നിങ്ങൾ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ (കൊലൊ. 2:6). ദൈവഭവനത്തിലെ ഒരു പ്രമാണമാണ് വിശ്വാസം. ഒരിക്കൽ ക്രിസ്തുവിലുള്ള രക്ഷയും പാപക്ഷമയും നമ്മൾ വിശ്വാസത്താൽ അവകാശമാക്കിയതു പോലെ ഇപ്പോൾ പരിശുദ്ധാത്മാവിന്റെ നിറവും അവകാശമാക്കുക.

പേർ പറയപ്പെട്ട അനുഗ്രഹങ്ങൾ അവകാശമാക്കുക, ശാന്തമായി കാത്തിരിക്കുക, പ്രാർത്ഥനയിൽ ജാഗിക്ക, "തന്നോട് ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ ധാരാളമായി കൊടുക്കും" (ലൂക്കൊ. 11:13). എന്നിട്ട് ബഹുമാനപുരസരം ദൈവത്തിന്റെ വാഗ്ദത്തെ സ്വീകരിക്ക എന്നിട്ട് മുഴങ്കാലിൽ നിന്ന് എഴുന്നേറ്റ് മുന്നോട്ട് പോക, ദൈവത്തെ അനുസരിച്ച് വചനത്തെ പിൻപറ്റുക, അങ്ങനെ നിങ്ങൾ ആത്മാവിനാൽ നിറയും. വിശ്വാസത്താൽ നിങ്ങൾക്ക് അത് സംഭവിക്കും.

ആദ്യം അപേക്ഷ കൊടിയ കാറ്റിന്റെ ശബ്ദത്തോടെ ആയിരിക്കയില്ല, ഒരു തീജ്വാല പോലെ ആയിരിക്കില്ല, വ്യക്തമായ ഒരു ശക്തിയോടെ ആയിരിക്കില്ല തന്റെ സാന്നിദ്ധ്യം വെളിപ്പെടുന്നത്. അങ്ങനെയൊന്നിനെ നോക്കിയിരിക്കരുത്. എന്നാൽ ഇവയെല്ലാറ്റെക്കാളുപരിയുള്ള ഒരു ദൈവപ്രത്യക്ഷതയായിരിക്കാം അത്. വിശ്വസിക്ക, ദൈവം നിങ്ങളെ നിറയ്ക്കും. എന്നിട്ട് നന്ദി പറയുക, അവിടുത്തെ അതിനെ നിറച്ചു, പ്രത്യേകമായ അടയാളങ്ങളൊന്നും വെളിപ്പെട്ടില്ലെങ്കിലും ഞാൻ അത് അറിയുന്നു. പ്രകടനങ്ങൾ എല്ലാം പെട്ടെന്നോ, പിന്നീടോ നമ്മെ വിട്ടു പോകും. എന്നാൽ ആത്മാവു തരുന്ന സന്തോഷവും ആത്മാവിന്റെ ഫലങ്ങളും വരങ്ങളും നമ്മിൽ ഏറെ ഫലവത്തായി ത്തീരുന്നു.

ഓർക്കുക, ഇത് ഒരിക്കലായി എല്ലാവരുടെമേലും പകർന്ന ഒന്നല്ല, അപ്പോസ്തലന്മാരെ പോലെ ഇത് പിന്നെയും പിന്നെയും നിറവു പ്രാപിക്കുന്ന അനുഭവമാണ്. 2-ാം അദ്ധ്യായത്തിൽ നിറവു പ്രാപിച്ച അപ്പോസ്തലന്മാർ പിന്നെയും പിന്നെയും നിറവ് പ്രാപിക്കുന്നു. അതിനെ വാഞ്ചിക്കുന്നവൻ അതിനായി കാത്തിരിക്കുന്നു. ❖

### ദൈവ പൈതലേ നിന്നെ നന്നായി അറിയുന്ന ദൈവത്തിൽ ആശ്രയം വെയ്ക്കുക

**യഹോവേ നീ എന്നെ ശോധന ചെയ്ത് അറിഞ്ഞിരിക്കുന്നു; ഞാൻ ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തു നിന്നു ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു. എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു. യഹോവേ, നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല, നീ മുമ്പും പിമ്പും എന്നെ അടെച്ചു നിന്റെ കൈ എന്റെമേൽ വെച്ചിരിക്കുന്നു. ഈ പരിജ്ഞാനം എനിക്കു അത്യത്ഭുതമാകുന്നു. അതു എനിക്കു ഗ്രഹിച്ചുകൂടാതവണ്ണം ഉന്നതമായിരിക്കുന്നു. നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടി ഞാൻ എവിടേക്കു ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ടു; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട്; ഞാൻ ഉഷസ്സിൻ ചിറകു ധരിച്ചു, സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും.** ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975